27/3/08

# കേരള സർക്കാർ

<u>സംഗ്രഹം</u>

സാംസ്കാരിക കാര്യ വകുപ്പ് - അന്തരിച്ച നാടക കലാകാരൻ ശ്രീ.തോപ്പിൽ കൃഷ്ണപിള്ള യുടെ വിധവ ശ്രീമതി ഭദ്രയ്ക്ക് 2008 ജനുവരി മുതൽ മാർച്ച് വരെയുള്ള പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സാംസ്കാരിക കാര്യ (സി) വകുപ്പ്

സ.ഉ.(സാധാ) നം.152/08/സിഎഡി തീയതി, തിരുവനന്തപുരം, 24/3/2008

---

പരാമർശം:- സ.ഉ.(എം.എസ്) 7/2008/സിഎഡി തീയതി 6/2/2008

<u>ഉത്തരവ്</u>

മലയാള നാടകരംഗത്ത് ശ്രീ.തോപ്പിൽ കൃഷ്ണപിള്ള നല്കിയിട്ടുള്ള സമഗ്രസംഭാവനകൾ പരിഗണിച്ചുകൊണ്ട്, ഒരു പ്രത്യേക കേസായി, അദ്ദേഹത്തിന്റെ വിധവ ശ്രീമതി ഭദ്രയ്ക്ക് (കലാവിഹാർ, വള്ളിക്കുന്നം, മാവേലിക്കര, ആലപ്പുഴ) 16/1/2008 മുതൽ രണ്ടായിരം രൂപ പ്രതിമാസപെൻഷൻ അനുവദിച്ചുകൊണ്ട് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ശ്രീമതി ഭദ്രയ്ക്ക് പ്രതിമാസം രണ്ടായിരം രൂപ ക്രമത്തിൽ 16/1/2008 മുതൽ അനുവദിച്ച തുകയിൽ 16/1/2008 മുതൽ 31/3/2008 വരെയുള്ള 5000/- രൂപ (അയ്യായിരം രൂപ മാത്രം) ഇതിനാൽ അനുവദിച്ച് ഉത്തരവാകുന്നു.

അനുവദിച്ച 5000/- രൂപ (അയ്യായിരം രൂപ മാത്രം) സാംസ്കാരിക വകുപ്പ് ഡയറക്ടർ നടപ്പുസാമ്പത്തിക വർഷത്തിലെ 2205-00-102-51(നോൺ പ്ലാൻ) എന്ന പുതിയ കണക്ക് ശീർഷകത്തിൽ നിന്ന് പിൻവലിച്ച് വിതരണം ചെയ്യുന്നതിനായി സാംസ്കാരിക വകുപ്പ് ഡയറക്ടർ ബില്ല് തയ്യാറാക്കി ജോയിന്റ് സെക്രട്ടറി, സാംസ്കാരിക വകുപ്പിന് അയച്ച് ബില്ല് കൗണ്ടർ സൈൻ ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് തുക മാറി ജില്ലാ കളക്ടറെ ഏല്പിച്ച് ശ്രീമതി ഭദ്രയ്ക്ക് ഈ സാമ്പത്തികവർഷം തന്നെ വിതരണം ചെയ്യേണ്ടതും വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.സി.ജോസ്,
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയം
ശ്രീമതി ഭദ്ര, കലാവിഹാർ, വള്ളിക്കുന്നം, മാവേലിക്കര, ആലപ്പുഴ
ജില്ലാ കളക്ടർ, ആലപ്പുഴ
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( എ & ഇ) കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.